(*d*) The previous registers are not available.

(*e*) Not known.

(*f*) Not known.

ഫെറി സീസൺടിക്കറ്റ്.

൪൩ ൪. [൧൪] ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏറണാകുളംപോണ്ണിക്കര ഫെറിയിൽ സീസൺടിക്കറിന് കഴിഞ്ഞകൊല്ലത്തിൽ എന്തു തുകയാണ് വസൂലാക്കിയിരുന്നത്;

(ബി) ഇക്കൊല്ലത്തിൽ കൂടുതൽ സംഖ്യ വസൂലാക്കുന്നുണ്ടോ ;

(സി) ഉണ്ടെങ്കിൽ എത്ര ;

(ഡി) കൺട്രാക്ടർമാക്ക് തോന്നിയതുപോലെ സംഖ്യ വസൂലാക്കാൻ അനുവദിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) മാസത്തിൽ ഒരു രൂപ.

(ബി) ഉണ്ട്.

(സി) ഒരു രൂപ നാലണ.

(ഡി) ഇല്ല. ഈ കടത്തിൽ, ലേലനിശ്ചയപ്രകാരം, മാസത്തിൽ ഒരു രൂപ പതിനാലു് അണ വരെ കൺട്രാക്ടർക്ക് വസൂലാക്കാവുന്നതാണ്.

ഇലക്ട്രിക്ക് ലൈൻ.

൪൩൫. [൧൫] ശ്രീ. സി. പി. ശ്രീവല്ലഭമേനോൻ : താഴെ കാണുന്ന ചോദ്യ ിനു് ഗതാഗതവും പൊതുമരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പറവൂർ വടക്കേക്കരയിലേക്ക് ഇലക്ട്രിക്ക് ലൈൻ നീട്ടുന്നതിനു് ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഇതേപ്പറ്റി ഗവണ്മെൻറിനു് നിവേദനങ്ങൾ കിട്ടിയിട്ടുണ്ടോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly